

WEDNESDAY 19-01-2022 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 19/01/2022

1. കേരളത്തിന്റെ ഭൂപ്രകൃതിയ്ക്കും, കൃഷിയ്ക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ പ്രവർത്തിച്ചുവരുന്ന ഉപജ്ഞാതാക്കളുടെയും പുത്തൻ ആശയക്കാരുടെയും ഒരു സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ഉപജ്ഞാതാക്കൾ, നൂതന ആശയങ്ങളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 20 നു (ജനുവരി 20 നു) മുമ്പായി മേൽവിലാസം, പ്രവർത്തനത്തിന്റെ വിവരണവും കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

2. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന പരിശീലനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (ജനുവരി 19) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ എൻ.ഐ.ആർ.റ്റി.-യിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

3. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേര്യമംഗലം ഡി.എസ്.പി ഫാമിൽ വിവിധ ഇനം തെങ്ങിൻതൈകൾ വിൽപ്പനയ്ക്കു ലഭ്യമാണ്. തെങ്ങിൻതൈകൾ ആവശ്യമുള്ള കർഷകർ **0485-2554240** എന്ന ഫാം ഓഫീസ് നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ബന്ധപ്പെടുക.

4. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും 100 ദിവസത്തിനുമേൽ പ്രായമുള്ള **ബി.വി.380** ഇനത്തിൽപ്പെട്ട മുട്ടകോഴികൾ ലഭ്യമാണ്. ആവശ്യമുള്ളവർ **9495000915, 9495000918** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

5. വെള്ളായണി കാർഷിക കോളേജിൽ നടന്നു വരുന്ന തെക്കൻ കേരളത്തിലെ നാടൻ മാവുകളെ കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി നല്ലയിനം മാവുകളുടെ പ്രവർദ്ധനവും സംരക്ഷണവും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി നല്ലയിനം മാവുകളുടെ പ്രവർദ്ധനവും സംരക്ഷണവും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി തെക്കൻ കേരളത്തിലെ നല്ലയിനം നാടൻ മാവുകളെക്കുറിച്ചുള്ള വിവരം, അവ നിൽക്കുന്ന പ്രദേശം/മേൽവിലാസം/ ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ **9496366698, 9946867991** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് വെള്ളായണി കാർഷിക കോളേജ് ഫ്രൂട്ട്സ് സയൻസ് വിഭാഗം മേധാവി അറിയിക്കുന്നു.

6. 1947-ലെ റബ്ബർ ആക്ട് റദ്ദാക്കുന്നതിനും റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) **ബിൽ 2022** എന്ന പേരിൽ പുതിയ നിയമ നിർമ്മാണത്തിനുമായി കേന്ദ്രവാണിജ്യ വകുപ്പ് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തേടുന്നു. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ ലഭ്യമാണ്. റബ്ബർമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കും പുതിയ നിയമം സംബന്ധിച്ച കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമെല്ലാം ഈ മാസം 21-ന് (ജനുവരി 21-ന് മുമ്പായി) സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇ-മെയിലിലോ അറിയിക്കാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയ്ക്കടുത്ത് നെടുങ്കാട് പ്രവർത്തിക്കുന്ന സംയോജിതകൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ **സസ്യ ആരോഗ്യ ക്ലിനിക്ക്** പ്രവർത്തനം ആരംഭിച്ചു. **വിളകളിലെ കീടരോഗ ബാധകൾ, സസ്യമൂലകക്കുറവ്, മറ്റു പ്രശ്നങ്ങൾ എന്നിവ കൃത്യതയോടെ നിർണ്ണയിക്കുക, ആവശ്യമായ ശാസ്ത്രീയ പരിഹാരമുറകൾ ലഭ്യമാക്കുക എന്നതാണ് ക്ലിനിക്കിന്റെ ഉദ്ദേശലക്ഷ്യം.** ഇതിനുള്ള മണ്ണ് -സസ്യ പരിശോധനകൾക്കു പുറമേ ജലത്തിന്റെ ഗുണനിലവാരപരിശോധനകൾ കൂടി ക്ലിനിക് മുഖാന്തിരം ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ ക്ലിനിക്കിൽ കാർഷിക മേഖലയിലെ വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷി സ്നേഹികൾക്ക് കാർഷിക സംബന്ധമായ സംശയ നിവാരണത്തിനും കാർഷികോപാധികൾ വാങ്ങുന്നതിനും പുത്തനറിവുകൾ നേടിയെടുക്കുന്നതിനുമെല്ലാമുള്ള ഒരു ഏകജാലക സംവിധാനമാണ് ഈ സസ്യ ആരോഗ്യ ക്ലിനിക്ക്. കൂടുതൽ വിവരങ്ങൾക്ക് **9847022929, 9846024539** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഈ മാസം 20, 21 (ജനുവരി 20,21) തീയതികളിൽ **ആടുവളർത്തിൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ ഇന്ന് (19/01/2022) 5 മണിയ്ക്ക് മുമ്പ് **0494–2962296, 8089293728** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 21-ന് (ജനുവരി 21) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ മാസം 21-ന് രാവിലെ 10.30 വരെ **0476 2698550, 9947775978** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ **8075028868** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്നതാണ് ഗൂഗിൾ മീറ്റ് ലിങ്ക്.

## കാർഷിക നിർദ്ദേശങ്ങൾ

10. മഴക്കാലത്തും മഞ്ഞുകാലത്തും വ്യാപകമായി **ചീരയിൽ** കാണാൻ സാധ്യതയുള്ള ഒരു രോഗമാണ് **ഇലപ്പുള്ളി രോഗം.** ഇലകളിൽ വെള്ള നിറത്തോടു കൂടിയ പൊട്ടുകൾ പ്രത്യക്ഷപ്പെടുന്നതാണ് ആരംഭലക്ഷണം. രോഗം വരാതെ പ്രതിരോധിക്കുന്നതിനായി പച്ചയും ചുവപ്പും ചീരകൾ ഇടകലർത്തി നടുക. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച് ചാണകം മണ്ണിൽ ചേർത്ത് കൊടുക്കുക. 40 ഗ്രാം പാൽക്കായം, 8 ഗ്രാം അപ്പക്കാരം, 32 ഗ്രാം മഞ്ഞൾപൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ

ശേഷിയ്ക്ക് ഉപകരിക്കും. രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം